അന്തരിച്ചു

അബൂബക്കർ

പരപ്പ: കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവായ പരപ്പ എടത്തോട്ടെ വള്ളിച്ചിറ അബൂബക്കർ (68) അന്തരിച്ചു. അസുഖബാധിതനായി ഏറെക്കാലമായി കിടപ്പിലായിരുന്നു. ഭാര്യ: ജാസ്മിൻ. മക്കൾ: നിസാർ, നിഷാദ്. മരുമകൾ: റാഷിദ (കല്ലുരാവി).



നഫീസ ഹജ്ജുമ്മ

കാഞ്ഞങ്ങാട്: ആവി വാർഡ് മുസ്ലിം ലീഗ് പ്രസിഡണ്ട് ജബ്ബാർ ഇബ്രാഹിം ഹാജിയുടെ ഭാര്യ നഫീസ ഹജ്ജുമ്മ (68) അന്തരിച്ചു. മക്കൾ: ജബ്ബാർ (ലൈറ്റ് സൗണ്ട്), മുസ്തഫ, എം വി അബ്ദുൾ റഹിമാൻ, റസിയ, സുബൈർ. മരുമകൾ: അബ്ദുൽ ഗഫൂർ (കാഞ്ഞങ്ങാട്), മൈമൂന, നസീമ, ജാസ്മിൻ, സാബിറ. സഹോദരങ്ങൾ: ബഡുവത്തി, പരേതരായ കുഞ്ഞബ്ദുള്ള, കുഞ്ഞമ്മദ്, മുഹമ്മദ് കുഞ്ഞി, ദൈനബി.

സി.കുമാരൻ

നീലേശ്വരം: പാലക്കാട്ട് ചേരണ്ടിയിൽ ഹൗസിലെ സി.കുമാരൻ (65) അന്തരിച്ചു. മക്കൾ: സൗമ്യ, സജിനി. മരുമക്കൾ: ഉണ്ണിരാജൻ, ഷനിൽകുമാർ. സഹോദരങ്ങൾ: രമണി, കാർത്യായനി, സുരേന്ദ്രൻ, പരേതരായ കൃഷ്ണൻ ആചാരി, നാരായണൻ ആചാരി.



പി.വി.മാധവി

നീലേശ്വരം : പരേതനായ ആക്കോട് കണ്ണന്റെ ഭാര്യ പള്ളിക്കരയിലെ പി.വി. മാധവി (78) അന്തരിച്ചു. സഹോദരങ്ങൾ: കുഞ്ഞിപ്പാട്ടി, കുഞ്ഞിക്കണ്ണൻ, പരേതയായ ചിരുത.

കുഞ്ഞിരാമൻ

തൃക്കരിപ്പൂർ: മേനോക്ക് താനൻ തറവാട്ടിൽ താമസക്കാരനായ താനൻ കുഞ്ഞിരാമൻ(75) അന്തരിച്ചു. ബീഡിത്തൊഴിലാളിയായിരുന്നു. ഭാര്യ: കെയശോദ. സഹോദരങ്ങൾ: കോരൻ(മാണിയാട്ട്), നാരായണൻ (ഹോട്ടൽ കിസാൻ, തൃക്കരിപ്പൂർ), കൃഷ്ണൻ(ദുബൈ), ലക്ഷ്മണൻ (തട്ടാനിച്ചേരി), കാർത്യായനി(ചെറുവത്തൂർ), പത്മിനി(തെക്കേക്കാട്), പരേതനായ ഭാസ്കരൻ.

ഓട്ടോ ഡ്രൈവർ ഉറക്കത്തിൽ മരിച്ചു

കാഞ്ഞങ്ങാട്:മാവുങ്കാലിലെ ഓട്ടോ ഡ്രൈവർ പുതിയകണ്ടത്തെ. സുധിയെ(44) ഉറക്കത്തിൽ മരിച്ചനിലയിൽ കണ്ടെത്തി. ഇന്ന് പുലർച്ചെ 4 മണിയോടെ കട്ടിലിൽ നിന്നും താഴെ വീണനിലയിലായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചു. പരേതനായ പൊക്കൻ -ഉമ്പിച്ചി ദമ്പതികളുടെ മകനാണ്. അവിവാഹിതനാണ്. സഹോദരങ്ങൾ: കുഞ്ഞിരാമൻ, അരവിന്ദൻ(ഓട്ടോ ഡ്രൈവർ), കൃഷ്ണൻ(ചുമട്ടുതൊഴിലാളി), ശാരദ, കുമാരി.

സിവിൽ സർവ്വീസ് പരീക്ഷ: ജില്ലയിൽ മൂന്നുപേർക്ക് മിന്നുന്ന നേട്ടം

കാസർകോട്: സിവിൽ സർവ്വീസ് പരീക്ഷയെഴുതിയ കാസർകോട്ടെ മൂന്നുപേർ ദേശീയ- സംസ്ഥാന തലത്തിൽ മിന്നുന്ന നേട്ടം കരസ്ഥമാക്കി.

കാഞ്ഞങ്ങാട് വിനായക ടാക്കീസിനു സമീപം താമസിക്കുന്ന കൊല്ലം സ്വദേശിനിയും കെ എസ് ഇ ബി എഞ്ചിനീയർ ശ്രീനിവാസൻ- സി പി സി ആർ ഐ ശാസ്ത്രജ്ഞ ലീന ദമ്പതികളുടെ മകളുമായ ഡോ. അശ്വതി ശ്രീനിവാസൻ സിവിൽ സർവ്വീസിൽ ദേശീയ തലത്തിൽ 40-ാം റാങ്കും സംസ്ഥാന തലത്തിൽ 3-ാം റാങ്കും നേടി. എസ് ബി ഐ എറണാകുളം ബ്രാഞ്ച് ഉദ്യോഗസ്ഥൻ കിരണിന്റെ ഭാര്യയാണ്.ബങ്കളം, മടിക്കൈയിലെ സി ഷഹീൻ 396-ാം റാങ്ക് നേടി. വീട്ടിൽ കാറന്റെനിൽ കഴിയവെയാണ് റാങ്കു വാർത്തയെത്തിയത്. ജില്ലാ സൈനിക ക്ഷേമ ഓഫീസ് ക്ലാർക്ക് എം എ ഖാദർ- സമീറ ദമ്പതികളുടെ മകനാണ്. ബങ്കളം ഗവ. ഹൈസ്കൂളിനടുത്താണ് താമസം.കാഞ്ഞങ്ങാട്, എക്കാലിലെ പി നിതിൻ രാജ് 319-ാംറാങ്കോടെ ജില്ലയിൽ ഒന്നാം സ്ഥാനം നേടി. രാവണേശ്വരം, എക്കാലിലെ കെ രാജേന്ദ്രന്റെയും പി ലീലയുടെയും മകനായ നിതിൻരാജ് കേരള കേഡറിൽ ഐ പി എസ് സെലക്ഷൻ ലഭിച്ച് ഇപ്പോൾ വയനാട്ടിൽ എ എസ് പി ട്രെയിനിംഗിലാണ്.

ഡോ. അശ്വതി ശ്രീനിവാസൻ, ഷഹീൻ, നിതിൻരാജ്

വെള്ളപ്പൊക്കം അനുഭവപ്പെട്ട കാഞ്ഞങ്ങാട്ടെ സ്ഥലങ്ങൾ രാജ്മോഹൻ ഉണ്ണിത്താൻ എം പി നോക്കിക്കാണുന്നു

വെള്ളക്കെട്ട് ദുരിതം നേരിൽ കാണാൻ എം പി മുട്ടോളം വെള്ളത്തിൽ

കാഞ്ഞങ്ങാട്: വർഷങ്ങളായി കാഞ്ഞങ്ങാട് നഗരസഭയിലെ കൊവ്വൽ സ്റ്റോർ, പള്ളിക്കണ്ടം, കാലിച്ചാമരം, കുറുന്തൂർ പ്രദേശങ്ങൾ അനുഭവിക്കുന്ന വെള്ളക്കെട്ട് ദുരിതം നേരിട്ടറിയാൻ എം പി രാജ്മോഹൻ ഉണ്ണിത്താൻ പ്രസ്തുത സ്ഥലങ്ങളിൽ മുട്ടോളം വെള്ളത്തിൽ നടന്നു ചെന്നു. ദുരിതം അറിയാൻ നേരിട്ടെത്തിയ ജനപ്രതിനിധിയെ വീട്ടമ്മമാരും കൊച്ചുകുട്ടികളുമുൾപ്പെടെയുള്ളവർ നേരിട്ടെത്തി സങ്കടാനുഭവങ്ങൾ പറഞ്ഞു സ്വീകരിച്ചു.

മഴക്കാലത്ത് ഇവിടെ മിക്ക വീടുകളിലും വെള്ളം കയറുന്നു. കിണറും സെപ്റ്റിക്ക് ടാങ്കുകളും നിറഞ്ഞൊഴുകുന്നു. പ്രാഥമിക കൃത്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാതെ ജനങ്ങൾ വലയുന്നു. മഴക്കാല രോഗങ്ങൾ നേരിടുന്നവർ ആശുപത്രിയിൽ പോകാൻ പോലും വിഷമിക്കുന്നു. അവർ ദുരിതങ്ങളുടെ ഭാണ്ഡം എം പിക്കു മുന്നിൽ അഴിച്ചുവച്ചു. ഈ സങ്കടക്കഥകൾ നഗരസഭാ ചെയർമാനോടും ജില്ലാ കളക്ടറോടും പറയാമെന്നു എം പി അവരെ ആശ്വസിപ്പിച്ചു. നടപടി ഉണ്ടായില്ലെങ്കിൽ കോൺഗ്രസ് അതിനുവേണ്ടിയുള്ള സമര രംഗത്തായിരിക്കും പിന്നീടെന്നു ഡി വി ബാലകൃഷ്ണൻ, പി വി സുരേഷ്, പത്മ രാജൻ ഐങ്ങോത്ത് എന്നിവരുടെ സാന്നിധ്യത്തിൽ അദ്ദേഹം പറഞ്ഞു.

തൃക്കരിപ്പൂർ നീലമ്പത്ത് കാറ്റിൽ കടപുഴകിയ മരം വീണ് തകർന്ന വൈദ്യുതി പോസ്റ്റുകൾ

കാറ്റിൽ മരം പൊട്ടി വീണ് മൂന്ന് വൈദ്യുതി പോസ്റ്റുകൾ തകർന്നു

തൃക്കരിപ്പൂർ: ഇന്നലെയുണ്ടായ ശക്തമായ കാറ്റിൽ റോഡരികിലെ മരം കടപുഴകി വീണ് മൂന്ന് വൈദ്യുതി പോസ്റ്റുകൾ തകർന്നു. വെള്ളാപ്പ് മെയിൻ റോഡിൽ നീലമ്പത്താണ് അപകടം. എച്ച് ടി ലൈൻ സ്ഥാപിച്ച തൂണുകളാണ് തകർന്നത്. തൃക്കരിപ്പൂരിൽ ലോക്ക്ഡൗൺ ആതു കൊണ്ട് റോഡിൽ വാഹനങ്ങളില്ലാതിരുന്നതു വൻദുരന്തം ഒഴിവായി. നിരവധി വാഹന യാത്രക്കാരും കാൽനടയാത്രക്കാരും കടന്നു പോകുന്ന റോഡിലാണ് അപകടമുണ്ടായത്.ലൈനുകൾ പൊട്ടിയതിനെ തുടർന്ന് ഇവിടെ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങി.

റോഡിൽ ഗതാഗത തടസ്സവും നേരിട്ടു. തൃക്കരിപ്പൂർ കെ എസ് ഇ ബി ജീവനക്കാരും ഫയർഫോഴ്സ് യൂണിറ്റും സ്ഥലത്തെത്തിയാണ് മരവും പോസ്റ്റുകളും നീക്കി ഗതാഗത തടസ്സവും വൈദ്യുതി തടസ്സവും ഒഴിവാക്കിയത്.

ഉള്ളിയുടെ മറവിൽ പുകയില ഉല്പന്നക്കടത്ത്; മറിഞ്ഞ ലോറിയിൽ നിന്നു രക്ഷപ്പെട്ടവരെ തിരിച്ചറിഞ്ഞു

ചെറുവത്തൂർ: ഉള്ളിയെന്ന വ്യാജേന നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തുന്നതിനിടെ അപകടത്തിൽപ്പെട്ട മിനിലോറിയിൽ നിന്നു രക്ഷപ്പെട്ടവരെ തിരിച്ചറിഞ്ഞു. വടകര സ്വദേശികളായ വിവേക് (32), അഷ്റഫ് (24) എന്നിവരാണ് രക്ഷപ്പെട്ടതെന്നു ചന്തേര പൊലീസ് പറഞ്ഞു. ഇവരെ കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചതായി കൂട്ടിച്ചേർത്തു.

ഇന്നലെ വൈകുന്നേരം ചെറുവത്തൂരിലാണ് മിനിലോറി തലകീഴായി മറിഞ്ഞത്. അപകടം നടന്ന ഉടനെ ലോറിയിൽ ഉണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് ഉള്ളിച്ചാക്കുകൾക്കടിയിൽ പുകയില ഉൽപ്പന്നങ്ങൾ ഇരുപതോളം ചാക്കുകളിൽ നിച്ച് അട്ടിവച്ച നിലയിൽ കാണപ്പെട്ടത്. ലോറി ചെറുവത്തൂരിൽ അപകടത്തിൽപ്പെട്ടിരുന്നില്ലെങ്കിൽ പുകയിൽ ഉൽപ്പന്നങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തുമായിരുന്നു.

ചെറുവത്തൂരിൽ തലകീഴായി മറിഞ്ഞ ലോറി

സ്വർണ്ണവില വീണ്ടും ഉയർന്നു; പവന് 40,800 രൂപ

കാസർകോട്: സ്വർണ്ണവിലയിൽ വീണ്ടും കുതിപ്പ്. ഗ്രാമിനു 65 രൂപ കൂടി പവന് 40,800 രൂപയായി. ഇന്നലെ ഒരു ഗ്രാം സ്വർണ്ണത്തിനു 40,280 രൂപയായിരുന്നു. ഇന്നു ഒറ്റയടിക്ക് പവന് 520 രൂപയാണ് വർധിച്ചത്.അന്താരാഷ്ട്ര വിപണിയിൽ സ്വർണ്ണവിലയിൽ ഉണ്ടായ വിലക്കയറ്റമാണ് സ്വർണ്ണവില കുതിച്ചുയരാൻ ഇടയാക്കുന്നതെന്ന് വിപണി വൃത്തങ്ങൾ പറഞ്ഞു. വരും ദിവസങ്ങളിലും സ്വർണ്ണവില കൂടുതൽ ഉയരങ്ങളിലേക്കു പോകുമെന്നാണ് വിപണി വിലയിരുത്തുന്നതെന്നു കൂട്ടിച്ചേർത്തു.

ഇന്നത്തെ സ്വർണ്ണവില

ഗ്രാമിന് : 5100
പവന് : 40800

CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
www.citygoldindia.com

പള്ളത്തിങ്കാൽ ഫ്യൂവൽസ്

പള്ളത്തിങ്കാൽ, പി.ഒ കുറ്റിക്കോൽ.
ഫോൺ: 9447351042, 9020666999

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ പള്ളത്തിങ്കാലിൽ പണി പൂർത്തീകരിച്ച ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ ഔട്ട്ലെറ്റ്
പള്ളത്തിങ്കാൽ ഫ്യൂവൽസ്
2020 ജൂലൈ 27ന് പ്രവർത്തനം ആരംഭിച്ച വിവരം സസന്തോഷം അറിയിക്കുന്നു.
കോവിഡ് 19 വ്യാപനത്തെ തുടർന്ന് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ഏവരേയും ക്ഷണിച്ച് ഉദ്ഘാടനം നടത്താൻ കഴിഞ്ഞില്ല.
ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.
എന്ന്, മാനേജ്മെന്റ്,
പള്ളത്തിങ്കാൽ ഫ്യൂവൽസ്

ബദിയഡുക്കയിൽ എ ടി എമ്മുകൾ ഇടപാടുകാർക്കു നൽകുന്നത് ഇരുട്ടടി

ബദിയഡുക്ക: കോവിഡ് ആശങ്കയും കാലവർഷവും കൊണ്ടു വീർപ്പുമുട്ടുന്ന ജനങ്ങളെ ബദിയഡുക്കയിലെ ബാങ്കുകൾ വട്ടം കറക്കി വിഷമിപ്പിക്കുന്നു.

ദേശസാൽകൃത ബാങ്കുകളുൾപ്പെടെ വിവിധ ബാങ്കുകളുടെ പത്ത് എ ടി എമ്മുകളുള്ള ബദിയഡുക്കയിൽ ഇതിൽ ചിലത് ഒന്നരമാസമായി അടച്ചിട്ടിരിക്കുന്നു. മറ്റുള്ളവ തുറക്കുന്നെങ്കിലും അതിൽ പലതിലും പണമില്ല. മറ്റു ചിലതു കാർഡിടുമ്പോൾ ഓരോരോ കാരണം പറഞ്ഞു ജനങ്ങളെ പരിഹസിക്കുന്നു.

ഇക്കാര്യം ബന്ധപ്പെട്ട ബാങ്ക് അധികൃതരെ അറിയിക്കുമ്പോൾ "ദേ, പോയി, ദാ വന്നു" എന്നൊക്കെ പറഞ്ഞു ആളുകളെ വിഡ്ഢികളാക്കുന്നു- നാട്ടുകാർ പറയുന്നു.

ബദിയഡുക്കയിലെ ഒരു എ ടി എം ഒന്നരമാസമായി അടച്ചിട്ട നിലയിൽ

ആശാവർക്കർമാർക്കും അംഗൻവാടി ടീച്ചർമാർക്കും കാസർകോട് എസ് ബി ഐ യിലാണ് പ്രതിഫലം വരുന്നത്. ആ പണം എ ടി എമ്മിൽ നിന്നെടുക്കാനോ ആവശ്യം നിറവേറ്റാനോ കഴിയാതെ അവരും വിഷമിക്കുന്നു.

ഇത്രയേറെ എ ടി എമ്മുകൾ ഉണ്ടായിട്ടും ഇടപാടുകാരെ വിഷമിപ്പിക്കുന്ന ബാങ്കധികൃതരുടെ നിലപാട് പ്രതിഷേധം ഉയർത്തുന്നു. ഇന്നലെ ബദിയഡുക്കയിലെ എ ടി എമ്മിൽ നിന്നു പണം കിട്ടാതെ വന്ന ഇടപാടുകാർ ഓട്ടോ വിളിച്ചു സീതാംഗോളിയിൽ എത്തി മൂന്നു മണിക്കൂർ ക്യൂനിന്നാണ് പണമെടുത്തതെന്നും ആക്ഷേപമുണ്ട്.

കസബ കടലോര മേഖലയിൽ അടിയന്തിര സർക്കാർ ഇടപെടൽ വേണം: യുവമോർച്ച

കാസർകോട്: കോവിഡ് വ്യാപനം രൂക്ഷമായി കൊണ്ടിരിക്കുന്ന കാസർകോട്, കസബ തീരദേശ മേഖലയിൽ അടിയന്തിരമായി സർക്കാർ ഇടപെടണമെന്നു യുവമോർച്ച ജില്ലാ പ്രസിഡണ്ട് ധനഞ്ജയൻ ആവശ്യപ്പെട്ടു. കോവിഡിന്റെ ഉറവിടം കണ്ടെത്താനാകാത്ത സാഹചര്യത്തിൽ പരിശോധനകൾ വ്യാപകമാക്കാൻ ജില്ലാ ഭരണകൂടം തയ്യാറാവണം. കടപ്പുറത്തു തന്നെ കാറന്റൈൻ കേന്ദ്രം തുറക്കണം. പരിചരണം ഉറപ്പാക്കണം. മത്സ്യത്തൊഴിലാളികൾക്ക് നേരത്തെ പ്രഖ്യാപിച്ച 2000 രൂപ പല കുടുംബങ്ങൾക്കും കിട്ടിയില്ലെന്നും അധികൃതർ അത് പരിശോധിക്കണമെന്നും ആവശ്യപ്പെട്ടു.

ശക്തമായ തിരമാലയ്ക്ക് സാധ്യത

കാസർകോട്: ഇന്നു രാത്രി 11.30വരെ പൊഴിയൂർ മുതൽ കാസർകോട് വരെയുള്ള കേരളാ തീരത്ത് മൂന്നു മുതൽ 3.6 മീറ്റർ വരെ ഉയരത്തിൽ തിരമാലയുണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠനകേന്ദ്രം മുന്നറിയിച്ചു. തീരദേശവാസികൾ ജാഗ്രതപാലിക്കണം. മത്സ്യ ബന്ധനത്തിനു പോകരുത്. മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിടാനും നിർദ്ദേശമുണ്ട്.

Vol -27, Issue No -137 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com